കിളിമാനൂർ മണ്ഡലത്തിലെ 'കടലുകാണി' പാറ

17 [1795] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ മണ്ഡലത്തിൽ പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ 'കടലുകാണി പാറ' ടൂറിസം വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ കടലുകാണി പാറയിൽ ഏതെങ്കിലും വികസനപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ അതിനു വേണ്ടി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ല.

ആക്കുളം ടൂറിസ്റ്റ് വില്ലേജ്

18 [1796] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ബോട്ട് ക്ലബ്ബ് സജീവമാക്കാൻ കൂടുതൽ ബോട്ട് സർവ്വീസുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ നിർദ്ദിഷ്ട കൃത്രിമ വെള്ളച്ചാട്ടം എന്നേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ;

(സി) ആക്കുളത്തേയും വേളിയേയും ബന്ധിപ്പിക്കുന്ന വാക്ക്വേയുടെ പ്രവർത്തനം ഇപ്പോൾ ഏതവസ്ഥയിലാണ് എന്ന് അറിയിക്കാമോ;

(ഡി) ഈ രണ്ട് പദ്ധതികൾക്കുമായി നീക്കിവച്ചിട്ടുള്ള എസ്റ്റിമേറ്റ് തുക എത്രയാണ്;

(ഇ) ആക്കുളത്തെ പൂന്തോട്ടം നവീകരിക്കുന്നതിനും വൈദ്യുതാലങ്കാരം നടത്താനുമുള്ള പദ്ധതി ഓണക്കാലത്തിനുമുമ്പ് പൂർത്തീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(ബി) ഉടനെ പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly